For Private Circulation Only

August 2019

ആഗമനാമൃതൻ

Vol.66

" വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു ". (യോഹ.1:14)

No.8

" വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്ന് ഏക ജാതനായവന്റെ തേജസായി കണ്ടു " (യോഹ.1:14).

" ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുമുഖാന്തരം വന്നു " (യോഹ. 1:17).

കർത്താവായ യേശുക്രിസ്തുവിൽ ദൈവത്തിന്റെ എല്ലാ ഗുണങ്ങളും നാം കാണുന്നു; മറഞ്ഞിരുന്നു, എന്നാൽ അത് അവനിൽ ഉണ്ടായിരുന്നു. നിങ്ങൾ സുവിശേഷങ്ങൾ വായിക്കുകയേ വേണ്ടൂ, പ്രതീക്ഷയോടെ വായിക്കുമ്പോൾ ദൈവത്തിന്റെ എല്ലാ നിറവുകളും ക്രിസ്തുവിൽ നമുക്കു കാണാം. അതു ജഡശരീരത്തിൽ മറഞ്ഞിരുന്നു, ആകേണ്ടതുപോലെ ആയിരുന്നു. ദൈവത്തിന്റെ മഹത്വം കാണാൻ കഴിഞ്ഞില്ല, എന്നാൽ അത് അവനിൽ ഉണ്ടായിരുന്നു. നമ്മുടെ മങ്ങിയ കണ്ണുകൾക്ക് അത് കാണാൻ കഴിഞ്ഞില്ല; ദൈവം അവിടെയുണ്ടായിരുന്നു. യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായിരുന്നു, യേശു നമ്മുടെ കാർത്താവാണ്. അവിടുത്തേക്ക് എപ്പോഴും മഹത്വമുണ്ടായിരിക്കട്ടെ.

അപ്പോസ്തലൻ പറയുന്നു, ഏകജാതൻ എന്നത്, കൃപയും സത്യവും നിറഞ്ഞവനാണ്. മറ്റുള്ളവരെല്ലാം കൃപയുടെ ദൂതന്മാരായിരുന്നു, അവിടുന്ന് കൃപ നൽകുവാനായിട്ടത്രേ വന്നത്. മറ്റുള്ളവർ നമ്മെ സത്യം പഠിപ്പിച്ചു. എന്നാൽ

യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവൻ

By Charles H. Spurgeon (1834-1892)

യേശു സത്യമായിരുന്നു. യേശു കേവലം ഒരു അദ്ധ്യാപകനോ, പ്രബോധിപ്പിക്കുന്നവനോ, കൃപയുടെയും സത്യത്തിന്റെയും ഒരു വേലക്കാരനോ മാത്രം അല്ലായിരുന്നു. എന്നാൽ ഈ സ്വർഗ്ഗീയ കാര്യങ്ങൾ എല്ലാം തന്നെ അവനിൽ ഉണ്ടായിരുന്നു. അവിടുന്ന് അവയാൽ നിറഞ്ഞവനായിരുന്നു. മറ്റുള്ളവരിൽ കൃപയുണ്ട്; എന്നാൽ അത് ക്രിസ്തുവിലുണ്ടായിരുന്നതുപോലെയല്ല. പൈപ്പിൽ നിന്നും വെള്ളം എടുക്കുന്നതുപോലെ അവർ അതിനെ ആസ്വദിച്ചു. എന്നാൽ വെള്ളത്തിന്റെ ഉറവയും ഉറവിടവും പോലെ അത് അവനിൽ ഉണ്ടായിരുന്നു. അവൻ കൃപ നദിപോലെയും, സത്യം നീർത്തോടുകൾ പോലെയും പകർന്നു തന്നു. അവനിൽ അത് നിത്യമായ നീർത്തോടുകൾ പോലെയും പകർന്നു തന്നു. അവനിൽ അത് നിത്യമായ നിറവായിരുന്നു. അവന്റെ വിശുദ്ധന്മാർ ആ നിറവിൽ നിന്നും കുടിച്ചു.

കലർത്തി തുലനപ്പെടുത്തി

കൃപയും സത്യവും കൂട്ടികലർത്തപ്പെട്ടു. രണ്ട് നദികൾ ഒരു നിറവിൽ ഒത്തു ചേർന്നു. കൃപയും സത്യവും നിറഞ്ഞവനായി. കൃപ എന്നത് സത്യമായ കൃപയാണ്. കൃപ ഒരു മിഥ്യയല്ല. ഒരു ഭംഗിവാക്കുമല്ല, കൃപയെന്നത് വെറും ഒരു സ്വപ്നവുമല്ല എന്നാൽ കൃപയെന്നത് എല്ലാക്കാലത്തും അത് ഒരു വസ്തുതയാണ്; വീണ്ടെടുപ്പ് വീണ്ടെടുക്കുന്ന പ്രവൃത്തി ചെയ്യുന്നു. ക്ഷമ, പാപങ്ങളെ കഴുകിക്കളയുന്നു. പുതുക്കം യഥാർത്ഥത്തിൽ പുതുജനനത്തെ നൽകുന്നു. രക്ഷ സമ്പൂർണ്ണമായി രക്ഷിക്കുന്നു. കാതുകളെ സന്തോഷിപ്പിച്ച് ദേഹിയെ വഞ്ചിക്കുന്ന അനുഗ്രഹമല്ല. ഒരിക്കലും കള്ളം പറയാൻ കഴിയാത്ത ദൈവത്തിൽ നിന്നുള്ള യാഥാർത്ഥ്യങ്ങളാണവ.

എന്നിട്ട് ഈ കാര്യങ്ങളെ മറ്റൊരു രീതിയിൽ കൂട്ടികലർത്തി. ഭൂമിയിൽ സത്യം സ്ഥാപിക്കുവാനാണ് കർത്താവ് ലോകത്തിൽ വന്നത്, എന്നാൽ അത് പരിശോധിക്കുന്ന നിലയിലോ, കുറ്റം വിധിക്കുന്ന നിലയിലോ, ശിക്ഷിക്കുന്ന നിലയിലോ അല്ല; അത് കൃപയുള്ള സത്യമാണ്. സത്യം സ്നേഹത്തിൽ ചാലിച്ചതാണ്. സത്യത്തെ കരുണയിൽ കൂട്ടികലർത്തിയതാണ്. യേശു തന്റെ ജനത്തിനു വേണ്ടി സ്ഥാപിക്കുന്ന സത്യം തന്റെ ന്യായാസനത്തിൽ നിന്നുള്ളതല്ല. കൃപാസനത്തിൽ നിന്നും ഉള്ളവയാണ്. കൃപയുള്ള ഒരു ലക്ഷ്യം അതിനുണ്ട്. അത് എപ്പോഴും രക്ഷയിലേക്ക് നടത്തുന്നതാണ്. അവിടുത്തെ വെളിച്ചം മനുഷ്യന്റെ ജീവനാണ്.

കാണുക, എത്ര മനോഹരമായിട്ടാണ് കൃപയും സത്യവും തമ്മിൽ കൂട്ടിയിണക്കിയിരിക്കുന്നത്. മാത്രമല്ല അവ പരസ്പരം മേൽത്തരമാക്കുകയും ചെയ്യുന്നു! കൃപ മുഴുവനായി സത്യമായിരിക്കുന്നു, സത്യം കൃപയുള്ളതുമായിരിക്കുന്നു.

മാത്രമല്ല, കൃപയും സത്യവും ഇവിടെ പരസ്പരപൂരിതവുമായിരിക്കുന്നു. കർത്താവായ യേശുക്രിസ്തു പൂർണ്ണമായും കൃപയുള്ളവനായിരിക്കുന്നു. എന്നാൽ മറ്റേതുഗുണത്തെ ഉപേക്ഷിക്കുന്നില്ല, അതു ശക്തിയുള്ളതാണ്. അതാണ് സത്യം. ലോകത്തിൽ സ്നേഹവും ദയയുമുള്ള അനേകരെ എനിക്കറിയാം. എന്നാൽ അവരെല്ലാവരും വിശ്വസ്തരല്ല; എന്നാൽ മറ്റു ചിലരെ എനിക്കറിയാം. അവർ വിശ്വസ്തരും സത്യവാന്മാരുമാണ്. എന്നാൽ അവർ കരുണയുള്ളവരോ ദയയുള്ളവരോ അല്ല. എന്നാൽ കർത്താവായ യേശുക്രിസ്തുവിൽ അങ്ങനെയുള്ള ഗുണദോഷ വ്യത്യാസങ്ങളില്ല, പിന്നെയോ അവിടുന്ന് കൃപാപൂരിതനാണ്, അവിടുന്ന് സകല മനുഷ്യരെയും തന്നിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. കപടഭക്തിക്കാരെയും പരീശന്മാരെയും തിരികെ പറഞ്ഞുവിടുന്നില്ല. അവിടുന്ന് ഒരു സത്യം അതെത്ര ഭീകരമായിരുന്നാലും മനുഷ്യനിൽ

(ശേഷം 5-ാംപേജിൽ)

എല്ലാ പാപവും ദൈവത്തിനെതിരാണ്

By Richard Owen Roberts

രാജാവായ ദാവീദ് ഊരിയാവിന്റെ ഭാര്യ ബത്ശേബയുമായി വ്യഭിചാരം ചെയ്യുകയും ഊരിയാവിനെ കൊല്ലുകയും ചെയ്തിട്ട് ആഴമായ കുറ്റബോധമുണ്ടായി ദൈവത്തോട് നിലവിളിക്കുന്നത്, “നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിനക്ക് അനിഷ്ടമായത് ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിനു തന്നെ” (സങ്കി. 51:4). ഈ വാക്കുകളെ നാം സൂക്ഷ്മമായി വിചിന്തനം ചെയ്താൽ അത് നമ്മെ അത്ഭുതപ്പെടുത്തും. ദാവീദ് തനിക്കെതിരെയാണ് പാപം ചെയ്തത്. ദാവീദ് താൻ രാജാവായിരിക്കുന്ന യിസ്രായേൽ ജനത്തിനെതിരെയാണ് പാപം ചെയ്തത്. ദാവീദ് പാപം ചെയ്തത് തന്റെ സ്വന്ത കുടുംബത്തിനെതിരെയാണ്. ദാവീദ് ഊരിയാവിനെതിരായിട്ടാണ് പാപം ചെയ്തത്. ദാവീദ്, ബത്ശേബയ്ക്കെതിരെയാണ് പാപം ചെയ്തത്. ചെയ്യാൻ പാടില്ലാത്തത് താൻ ചെയ്തപ്പോൾ ഇവിടെ ഏറ്റവും വ്യക്തമായിരിക്കുന്നത് ദൈവവുമായുള്ള മനസാക്ഷി ബന്ധത്തിന് വിള്ളൽ വീണിരിക്കുന്നു എന്നാണ്. ദൈവത്തിനെതിരെയാണ് ഈ മഹാപാപം ചെയ്തിരിക്കുന്നത് എന്ന് ദാവീദ് മനസിലാക്കി.

ആ യഥാർത്ഥ്യം നിങ്ങൾ മനസിലാക്കിയിട്ടുണ്ടോ, നിങ്ങൾ ചെയ്യുന്ന ഏതുപാപവും ദൈവത്തിനെതിരെയാണ്. മനുഷ്യൻ ചെയ്യുന്ന പാപം അത് എത്ര ചെറുതായിരുന്നാലും അത് ദൈവത്തിനെതിരെയാണ് ചെയ്യുന്നത്. യോസേഫ് തന്റെ പരീക്ഷയിൽ പോത്തീഫറിന്റെ ഭാര്യയുടെ അടുക്കൽ നിന്ന് ഓടിപ്പോകുമ്പോൾ പാപത്തിന്റെ ഗൗരവം മനസിലാക്കി താൻ വിളിച്ചുപറയുന്നത്, ... ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോട് പാപം ചെയ്യുന്നത് എങ്ങനെ എന്ന് പറഞ്ഞു (ഉല്പ. 39:9). നിങ്ങളുടെ പാപങ്ങളെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണോ? നിങ്ങൾ ചെയ്യുന്ന പാപം ദൈവത്തോടാണ് നിങ്ങൾ ചെയ്യുന്നതെന്ന യാഥാർത്ഥ്യത്തെ സംബന്ധിച്ച ഭയം നിങ്ങളെ അലയിട്ടുണ്ടോ?

ഒരു പക്ഷേ, വഞ്ചിക്കപ്പെട്ടിരിക്കുന്ന മറ്റുള്ളവരെപ്പോലെ, ദാവീദിന്റെ പാപത്തോട് താരതമ്യം ചെയ്യുമ്പോൾ എന്റെ പാപം എത്ര ലഘുവാണ് എന്ന് ആശ്വസിക്കുന്നവരാണോ, ദൈവത്തിന്റെ ന്യായപ്രമാണത്തിലെ ഒരു ചെറിയ വീഴ്ച, അതു വലിയ ശിക്ഷയ്ക്ക് കാരണമാവുന്ന പാപമാണ് എന്ന് അംഗീകരിപ്പാൻ കഴിയുന്നുവോ? പാപം ദൈവത്തിന്റെ മുമ്പിൽ എത്ര ഹീനമാണ്. നമ്മെ ഓർമ്മപ്പെടുത്തുന്ന ഈ വാക്കുകളെ ശ്രദ്ധിക്കുക, ഒരുത്തൻ ന്യായപ്രമാണത്തിലെ ഒരു ചെറിയ വീഴ്ച ഏറ്റവും ചെറിയ ഒരു കാര്യം അതു ന്യായപ്രമാണം മുഴുവൻ ലംഘിക്കുന്നതിന് തുല്യമാണെന്ന് നിങ്ങൾ ഗ്രഹിക്കുന്നുവോ?

നിങ്ങൾ പറയുമായിരിക്കാം അത് ന്യായമല്ലാത്തതാണ്. ഞാൻ അതിനെ അംഗീകരിക്കുന്നില്ല. അങ്ങനെയൊരു പ്രതികരണം സൂചിപ്പിക്കുന്നത്, നിങ്ങൾ നിങ്ങളെത്തന്നെ വഞ്ചിക്കുന്നു എന്നാണ്. ജീവിതത്തിൽ ഈ തത്വം അംഗീക

(ശേഷം 4-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. “ നിത്യസ്നേഹം കൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു. യിസ്രായേൽ കന്യകേ ഞാൻ നിനക്കു വീണ്ടും അഭിവൃദ്ധി വരുത്തുകയും നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും നീ ഇനിയും ചേലോടെ തപ്പു എടുത്തുകൊണ്ടു സന്തോഷിച്ചു നൃത്തം ചെയ്യുന്നവരുടെ നിരയിൽ പുറപ്പെടും. നീ ഇനിയും ശമര്യാപർവ്വതങ്ങളിൽ മുന്തിരിത്തോട്ടം ഉണ്ടാകും. കൃഷിക്കാർ കൃഷി ചെയ്തു ഫലം അനുഭവിക്കും യഹോവയുടെ അടുക്കലേക്കു കയറിപ്പോക എന്നു കാവൽക്കാർ എഫ്രയീം മലനാട്ടിൽ വിളിച്ചു പറയുന്ന നാൾ വരും” (യിരെ. 31:3-6) .

2019 -ാം വർഷത്തിന്റെ ജൂലൈ മാസം നമ്മെ വിട്ട് കടന്നു പോയി. ആഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മുടെ ദൈവം വിശ്വസ്തൻ ആണ്. യേശുവിനോടൊപ്പം നാം കൂടുതൽ സമയം ചെലവഴിക്കണം. യേശുവിനെ കൂടുതലായി അറിയുകയും സ്നേഹിക്കുകയും ചെയ്യുക. കൂടുതൽ സമയം നാം കർത്താവിനോടുകൂടെ ചെലവഴിക്കുമ്പോൾ ദൈവത്തിൽ നിന്ന് കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയും.

നാം എവിടെ ആയിരുന്നാലും എന്തു ചെയ്യുകയായിരുന്നാലും ദിവസം മുഴുവൻ യേശുവുമായുള്ള കൂട്ടായ്മയിൽ കഴിയുക. നാം യേശുവിനെ സ്നേഹിക്കുക മാത്രമല്ല സ്നേഹത്തിന്റെ ആഴത്തിലേക്ക് കടന്നു ചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. യേശുവുമായി നമുക്ക് നല്ല ബന്ധമുണ്ടായിരിക്കണം. യേശു നമ്മോടു പറയുന്നതു പോലെ തന്നെ പ്രവർത്തിക്കണം. അനുസരിക്കണം. എങ്കിൽ ദൈവത്തിൽ നിന്നു അനവധി നന്മകൾ പ്രാപിക്കാൻ കഴിയും. ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം അവിടുന്ന് മാനിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

സകലവും ശോധന ചെയ്‌വിൻ

By J.C.RYle (1816 - 1900)

പരിശുദ്ധാത്മാവ് പൗലൊസിന്റെ നാവിലൂടെ സംസാരിക്കുന്നത് “സകലവും ശോധന ചെയ്തു നല്ലതു മുറുകെപിടിപ്പിൻ” (1തെസ്സ. 5:21). ഈ വാക്യത്തിൽ 2 പ്രധാന സത്യങ്ങളുണ്ട്. 1) നല്ലത് ഉത്തരവാദിത്വം, സ്വയശോധന, സകലവും ശോധന ചെയ്‌വിൻ.

2) ഉത്തരവാദിത്വവും സത്യത്തെ മുറുകെപ്പിടിച്ചു കൊള്ളേണ്ട ആവശ്യവും നല്ലതു മുറുകെ പിടിച്ചു കൊൾക. രണ്ട് കാര്യങ്ങളെയും ചെറുതായി വിശദീകരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

നല്ലത്, ഉത്തരവാദിത്വം, സ്വയശോധനയുടെ ആവശ്യം

സ്വയശോധനയെക്കുറിച്ച് ഞാൻ പറയുമ്പോൾ, ഞാൻ അർത്ഥമാക്കുന്നത്, ഓരോ വിശ്വാസിയും വ്യക്തിപരമായി തന്റെ ജീവിതത്തെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കേണ്ടതാണ്, മതപരമായ സത്യമാണോ, ദൈവത്തിന്റെ സത്യമാണോ അതോ ഇതൊന്നുമല്ലയോ.

സ്വയ ശോധനയുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഞാൻ പറയുമ്പോൾ ഞാൻ അർത്ഥമാക്കുന്നത്, ഓരോ വിശ്വാസിയും കേട്ട വചനത്തെ ശ്രദ്ധിക്കണം. മനുഷ്യന്റെ വാക്കുകളും മനുഷ്യന്റ എഴുത്തുകളും ദൈവത്തിന്റെ വചനവുമായി താരതമ്യം ചെയ്യണം. തെറ്റിപ്പോയിട്ടില്ല എന്നും ദൈവവചനത്തിന്റെ പഠിപ്പിക്കലിന് നിരക്കുന്നതാണെന്നും നാം ഉറപ്പാക്കണം.

സ്വയ ശോധനയുടെ ആവശ്യത്തെക്കുറിച്ച് ഞാൻ പറയുമ്പോൾ, ഓരോ വിശ്വാസിയും നിശ്ചയമായി അനുവർത്തിക്കേണ്ടതും തന്റെ ജീവനെ സ്നേഹിക്കുന്നവൻ ഒരിക്കലും വഞ്ചിക്കപ്പെടാൻ പാടില്ലാത്തതും അങ്ങനെ സ്വയശോധന ചെയ്യാതിരുന്നാൽ സഭകളിൽ ദുഷ്ടതകയറികൂടുവാൻ സാദ്ധ്യതയുള്ളതുമാകുന്നു.

ഇവിടെ അപ്പോസ്തലനായ പൗലൊസ് മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നു. നല്ലത്, ഉത്തരവാദിത്വം, ആവശ്യം. നമ്മുടെ ശ്രദ്ധയ്ക്കായി ഈ വാക്കുകൾ എടുത്തു പറയുന്നു. സകലവും ശോധന ചെയ്‌വിൻ. ആ പ്രസ്ഥാവനയിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ വീണ്ടും ക്ഷണിക്കുന്നു. ഈ ഓരോ വാക്കുകളും ഏറെ അർത്ഥവത്തായവയാണ്.

ഓർക്കുക, അപ്പോസ്തലനായ പൗലൊസ് തെസലോന്യർക്ക് എഴുതുന്നു . ആ സഭ താൻ തന്നെ സ്ഥാപിച്ചതാണ്. പുതിയ വിശ്വാസികളോട് ആത്മാവിൽ പ്രേരിതനായി സംസാരിക്കുകയാണ്. ഒരു പട്ടണത്തിലെ എല്ലാ വിശ്വാസികൾക്കും വേണ്ടി എഴുതുന്നത്, ഉപദേശത്തെക്കുറിച്ചും പ്രസംഗത്തെക്കുറിച്ചും എഴുതുന്നത്, ദൈവവചനം ഇങ്ങനെ പറയുന്നു. പ്രവചനത്തെ തുശ്ചീകരിക്കരുത് (1തെസ്സ. 5:20). വീണ്ടും അടുംതാൻ പറയുന്നത്, സകലവും ശോധന ചെയ്‌വിൻ ”.

അപ്പോസ്തലന്മാർ പറയുന്നതോ, സുവീശേഷകന്മാർ പറയുന്നതോ, പാസ്റ്റർമാരോ ഉപദേഷ്ടക്കന്മാരോ, ബിഷപ്പു പറയുന്നതോ, നിങ്ങളുടെ ശുശ്രൂഷകന്മാർ പറയുന്നതോ നിങ്ങൾ വിശ്വസിക്കണം എന്നല്ല, സകലവും ശോധന ചെയ്‌വിൻ. എന്നാണ്. സഭ പറയുന്നത് സത്യമാണ് അത് പിടിച്ചുകൊള്ളണം എന്നുമല്ല, പിന്നെയോ സകലവും ശോധന ചെയ്‌വിൻ എന്നാണ്.

ആ തത്വം ഇങ്ങനെയാണ്: സകലവും ദൈവവചനത്താൽ ശോധന ചെയ്യണം. എല്ലാ ശുശ്രൂഷകന്മാരും, എല്ലാ ഉപദേശവും, എല്ലാ പ്രസംഗങ്ങളും, എല്ലാ എഴുത്തുകളും, എല്ലാ അഭിപ്രായങ്ങളും എല്ലാ പരിചയങ്ങളും എല്ലാം ദൈവവനചത്താൽ അളന്ന് തൂക്കപ്പെടണം. വേദപുസ്തക വെളിച്ചത്തിൽ എല്ലാം ശോധന ചെയ്യപ്പെടണം. വേദപുസ്തകത്താൽ എല്ലാം പരിശോധിക്കപ്പെടണം. വേദപുസ്തക അഗ്നിയാലുള്ള ശോധനയിൽ ശേഷിക്കുന്നതെല്ലാം അംഗീകരിക്കപ്പെടണം. അതിനെ പിടിച്ചുകൊ

(ശേഷം 7-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

എല്ലാ പാപവും ദൈവത്തിന് എതിരാണ്.

രിപ്പാൻ നിങ്ങൾ പഠിച്ചിരിക്കുന്നു. എല്ലാ സ്പോർട് സിനും ഗയിംസിനും നിയമങ്ങളുമുണ്ട്. ബാസ്ക്കറ്റ് ബോൾ കളിക്കുന്നവൻ കല്പിക്കുന്നതിനു മുമ്പ് അതിന്റെ നിയമങ്ങൾ മുഴുവനും പഠിച്ചിരിക്കണ്ടേ? ഫുട്ബോൾ കളിക്കുന്നവൻ കളിക്കുന്നതിനു മുമ്പ് നിയമം തെറ്റിച്ചാലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ബോധവാനായിരിക്കേണ്ടേ? ഒരു നിസാര പിഴവ് അവന്റെ കളിയെ സാരമായി ബാധിക്കുന്നില്ലേ? സൃഷ്ടിതാവായ ദൈവം, ഒരു കളിയുടെ പ്രമാണങ്ങൾ രൂപ കല്പന ചെയ്തവനെക്കാൾ എത്രയോ വലിയവനാകയാൽ മനുഷ്യൻ നിയമങ്ങൾ അനുസരിക്കേണ്ടതിന് അവനെ പ്രേരിപ്പിക്കേണ്ടതല്ലയോ? വിശ്വസ്തമായി നേരിടുക, ഒരു ചെറിയ പിഴവ് നമ്മെ തുടർച്ചയായി പാപം ചെയ്യുന്ന ഒരു പാപിയ്ക്ക് തുല്യനായി നമ്മെ ആക്കിത്തീർക്കുന്നു.

ദൈവം നിലവാരം ക്രമീകരിക്കുന്നു

നിങ്ങൾ നടിക്കുന്നതുപോലെ നിങ്ങൾ ഒരു ചെറിയ പാപിയാണോ? നിങ്ങളുടെ പാപം മരണത്തിന് കാരണമായതല്ലേ? മറ്റൊരാളുടെ പാപവുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങളുടെ പാപം വളരെ ചെറുതാണ് എന്ന് തോന്നുന്നുണ്ടോ? ഒരു വ്യാപാരി തന്റെ സത്യസന്ധമായ ജീവിതത്തെ, മദ്യപിച്ച് വഴിയിൽ കിടക്കുന്ന മനുഷ്യനെ തന്റെ ജീവിതത്തോട് താരതമ്യം ചെയ്യുന്നതിനേക്കാൾ യേശുക്രിസ്തുവിന്റെ ജീവിതവുമായിട്ടാണ് തന്നെത്താൻ താരതമ്യം ചെയ്യേണ്ടത്. ഒരു വീട്ടമ്മ തന്റെ നിഷ്കളങ്കത തെളിയിക്കുന്നത് തെരുവിലെ ഒരു വേശ്യയുടെ ജീവിതവുമായി താരതമ്യം ചെയ്തിട്ടല്ല, പിന്നെയോ യേശുവിന്റെ അരികിൽ നില്പാൻ തനിക്ക് യോഗ്യതയുണ്ടോ എന്ന ബന്ധത്തിലാണ് തന്നെത്താൻ അളക്കേണ്ടത്. മദ്യപാനിയും വേശ്യയും കുലപാതകനും ദൈവത്തിന്റെ നീതിയുടെ നിലവാരത്തോട് ചേർത്ത് അളക്കുവാൻ കൊള്ളാകുന്നവരല്ല. ദൈവം തന്റെ നിലവാരം ക്രമീകരിക്കുന്നു. യേശുക്രിസ്തു, ജഡാവതരാം എടുത്ത ദൈവം നാം ഏത് നിലവാരത്തിലാണ് ജീവിക്കേണ്ടത് എന്ന് തന്റെ സ്വന്തം ജീവിതത്തിലൂടെ നമുക്ക് കാണിച്ചു തന്നിരിക്കുന്നു. ദൈവത്തിന്റെ നിലവാരത്തെ ഭൂമിയിലെ മറ്റാരെങ്കിലുമായോ താരതമ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു, അതുപോലെ ഒരുത്തൻ തന്റെ നിലവാരം വച്ച് ദൈവത്തിന്റെ നിലവാരത്തെ താരതമ്യം ചെയ്യാൻ കഴിയാത്തതുമാകുന്നു.

നിങ്ങൾ ചെയ്യുന്ന ചെറിയ പാപങ്ങൾ നിങ്ങൾക്ക് എതിരാണെന്ന് നിങ്ങൾ ചിന്തിക്കുവാൻ നിർബ്ബന്ധിതരാകുമ്പോൾ അത് ജനത്തിനെതിരാണ് എന്ന് ബോദ്ധ്യപ്പെടുമ്പോൾ അത് നമുക്കുണ്ടാകുന്ന ഭവിഷ്യത്തും അതു മറ്റുള്ളവർക്കുണ്ടാകുന്ന ഭവിഷ്യത്തും നാം അറിയേണ്ടതാണ്. ഒരുവൻ അബദ്ധവശാൽ ഇങ്ങനെ ചോദിക്കാറുണ്ട്. ഞാൻ ഈ ചെറിയ കള്ളം പറഞ്ഞാൽ ആർക്കാണ് ദോഷം വരിക. ആ കള്ളം ആർക്കും ദോഷം വരുന്നില്ല എന്നുള്ളതിനാൽ നീതീകരിക്കപ്പെട്ടു. ലൈംഗിക ബന്ധങ്ങളെ ഔചിത്യങ്ങളെ സംബന്ധിച്ച് പരിശോധിക്കയും തീരുമാനിക്കയും ചെയ്യുന്ന 2 കാര്യങ്ങളുണ്ട്. പ്രായപൂർത്തിയായവർ സമ്മതത്തോടെയാണോ? ആരെങ്കിലും ഉപദ്രവിക്കപ്പെടുന്നുവോ? അനേകരുടെ ചിന്തയിൽ പ്രായപൂർത്തിയായാൽ ആവശ്യാനുസരണമാകാം എന്നാണ്.

എന്നാൽ മനുഷ്യന്റെ ചിന്താഗതിക്കും ഇഷ്ടത്തിനും അനുസരിച്ച് തെരഞ്ഞെടുക്കാതെ മനുഷ്യന് ലൈംഗികതയെ ദാനം ചെയ്ത ദൈവത്തിന്റെ ഇഷ്ടത്തിന് വില കൊടുക്കയെന്നതാണ് പ്രധാനം. മറ്റുള്ളവരുടെ ഇഷ്ടത്തിനോ അനിഷ്ടത്തിനോ അനുസരിച്ച് നന്മയോ തിന്മയോ തെരഞ്ഞെടുക്കുവാൻ നമുക്ക് സാദ്ധ്യമല്ല പിന്നെയോ സൃഷ്ടിച്ചവന്റെ ഇഷ്ടമാണ് പ്രധാനം.

ദൈവം നിലവാരം ക്രമീകരിക്കുന്നു. ദൈവം നിയമങ്ങൾ വച്ചിരിക്കുന്നു. മനുഷ്യൻ അനുസരിച്ചാലും ഇല്ലെങ്കിലും ദൈവം അത് നിയമിച്ചിരിക്കുന്നു. നാം പാപം ചെയ്യുമ്പോൾ, അത് വളരെ നിസാരം എന്ന് നമുക്ക് തോന്നുമ്പോഴും നാം ദൈവത്തോട് പാപം ചെയ്യുകയാണ്. എല്ലാ പാപവും ദൈവത്തിനെതിരെയാണ്. ഏതു പാപവും ദൈവത്തെ ദു:ഖിപ്പിക്കുന്നു. പെട്ടെന്നു അനുതാപം ആവശ്യപ്പെടുന്നതുമാണ്.

പാപചിന്തകൾ

എന്നാൽ ഇപ്പോഴും പാപത്തിന് അതിന്റെ പരിണതഫലത്തെയും അതിന്റെ ശിക്ഷയെയും അംഗീകരിപ്പാൻ നിങ്ങൾ തയ്യാറല്ലായിരിക്കാം. ഒരു പക്ഷേ നിങ്ങൾ പറഞ്ഞേക്കാം, ഞാൻ ആരെയും കൊന്നിട്ടില്ല, വ്യഭിചാരം ചെയ്തിട്ടില്ല, മറ്റുള്ളവർ ചെയ്യുന്ന പാപം ഒന്നും ഞാൻ ചെയ്തിട്ടില്ല, അതുകൊണ്ട് എന്നിൽ യാതൊരു കുറ്റവും ഇല്ല എന്ന്. പാപം എത്ര ദോഷകരമാണെന്ന് യേശു പറഞ്ഞവാക്കുകളെ സംബന്ധിച്ച് നിങ്ങൾ ബോധവാന്മാരാണോ. അവിടുത്തെ വാക്കുകളെ ശ്രദ്ധിക്കുക. കൊല ചെയ്യരുത് എന്നും “ ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായിധിക്ക് യോഗ്യൻ ആകും; സഹോദരനോട് നിസാരാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും.... വ്യഭിചാരം ചെയ്യുത് എന്ന് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി ” (മത്താ. 5:21-22; 27,28). ഞാൻ ആരോടും കോപിച്ചിട്ടില്ല എന്നും ആരെയും മോഹിച്ചിട്ടില്ല എന്നും നിശ്ചയമായും പറയാൻ കഴിയുമോ?

വിട്ടുകളയുന്ന പ്രവൃത്തി

പാപം എന്നത്, ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യുന്നത് മാത്രമല്ല, ദൈവം പറയുന്നത് ചെയ്യാതിരിക്കുന്നതും പാപമാണ്. യേശു മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, “ സാത്താൻ യേശുവിനെ ഒരു വലിയ പർവ്വതത്തിന്റെ മുകളിലേയ്ക്ക് കൊണ്ടുപോയി ലോകത്തിലെ സകല രാജത്വങ്ങളെയും അതിന്റെ മഹത്വത്തെയും കാണിച്ചു. സാത്താൻ യേശുവിനോട് പറഞ്ഞു. വീണ് എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്ന് അവനോട് പറഞ്ഞു. യേശു അവനോട് സാത്താനേ എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്ന് പറഞ്ഞു” (മത്താ. 4:8-10). ഞാൻ ദൈവത്തെ ആരാധിക്കുന്നു,

(ശേഷം 7-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവൻ

നിന്നും മറച്ചുവയ്ക്കുന്നില്ല. എന്നാൽ സകല അനീതിയുള്ളവർക്കും എതിരായി ദൈവത്തിന്റെ കോപം താൻ പ്രഖ്യാപിക്കുന്നു. എന്നാൽ ഭീകര സത്യം താൻ പറയുമ്പോൾ, കൃപയിലും കരുണയിലും അവിടുന്ന് അത് ഉച്ചരിക്കുമ്പോൾ, അനുസരിക്കാത്ത വഴിവിട്ടു നടക്കുന്ന പാപികളോട് ദയയോടും കണ്ണുനീരോടും കൂടെ സംസാരിക്കുന്നു കൃപയാലും സത്യത്താലും അത് നമ്മെ ബോധം വരുത്തുന്നു.

നമ്മുടെ കർത്താവിന്റെ ശുശ്രൂഷ സത്യത്തെ മാത്രം കൊണ്ടല്ല, കൃപ മാത്രം കൊണ്ടുമല്ല; എന്നാൽ അത് പരസ്പര പൂരകവം ക്രമീകൃതവുമായ ഒരു രീതിയിൽ കർത്താവ് താൻ തന്റെ സ്വഭാവത്തിൽ (അവൻ നീതിമാനും ബലശാലിയുമായി (സെഖ. 9:9). അവിടുന്ന് നീതിമാനായ രാജാവും സമാധാനത്തിന്റെ രാജാവുമാണ്. അവിടുന്ന് അനീതിയായി ചെയ്യുന്നില്ല. അവിടുന്ന് സത്യത്തെ സ്നേഹമില്ലാതെ പ്രഖ്യാപിക്കുന്നതുമില്ല. കൃപയും സത്യവും തന്നിൽ ഒരുപോലെ പൂരിതമായിരിക്കുന്നു.

നിറഞ്ഞ കൃപ

രണ്ടു കാര്യങ്ങളെ ക്കുറിച്ചു പറയുവാനാഗ്രഹിക്കുന്ന ഓരോന്നിനെക്കുറിച്ചും ചുരുക്കമായി പറയാം.

കൃപയെ ഒന്നാമതായെടു¡ p¶ p. "ഞങ്ങൾ അവന്റെ തേജസ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (1യോഹ. 1:14). യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്. അവിടുന്ന് പിതാവിന്റെ ഏകജാതനാണ്. അവിടുന്ന് ഭൂമിയിലേക്ക് വന്നപ്പോൾ അവിടുത്തെ തേജസ്, ഏകജാതനായവന്റെ തേജസായിരുന്നു. ഏകമായിട്ടുള്ളതും പ്രത്യേകമായിട്ടുള്ളതും പറഞ്ഞറിയിക്കാൻ കഴിയാത്തതുമായ മഹത്വവും നമ്മുടെ കർത്താവിന്റെ വ്യക്തിത്വത്തിൽ മറഞ്ഞിരുന്നു. അത് ദൈവകൃപയുടെ മഹത്വമായിരുന്നു.

പഴയനിയമം ശ്രദ്ധിച്ചാൽ തന്റെ ആസ്ഥിത്വത്തിൽ തന്റെ തേജസ് ഉള്ളതായി കാണാം. "യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തയുമുള്ളവൻ" (പുറ. 34:6). പിതാവിന്റെ ഏകജാത നിലുള്ള തേജസ്സ് തന്റെ ദീർഘക്ഷമയിലും മഹാദയയിലുമാണുള്ളത്. ക്രിസ്തുവിൽ അത്ഭുതകരമായ ദയയും, കരുണയും മനസലിവും സ്നേഹവും കാണാം. താൻ കൃപ നമ്മെ പഠിപ്പിച്ചവൻ മാത്രമല്ല, കൃപയിലേക്ക് നമ്മെ ക്ഷണിച്ചതും മാത്രമല്ല തന്നിൽ കൃപ വെളിപ്പെടുത്തുകയാണുണ്ടായത്.

അത് ആദ്യമായി തന്റെ ജഡാവതാരത്തിൽ നമുക്കു കാണാം. വചനം ജഡമായിത്തീർന്നു. നമ്മുടെയിടയിൽ പാർത്തു. തന്റെ തേജസ്സ് നമുക്ക് വെളിപ്പെടുത്തി എന്നത് ഏറ്റം അത്ഭുകരമായ പ്രവൃത്തിയാണ്. തന്റെ ജഡാവതാരം തന്നെ മറ്റെല്ലാറ്റിൽ നിന്നും വ്യത്യസ്ഥമായിരിക്കുന്നു. അത് നമുക്ക് തരുന്ന പ്രത്യാശയെന്നത്, നമുക്ക് കർത്താവുമായി ഒരു ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ദൂതന്മാർ പാട്ടുപാടിയപ്പോൾ അവർക്ക് തെറ്റിപ്പോയില്ല, "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. മാത്രമല്ല ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം". കാരണം ബത്ലഹേമിൽ ദൈവപുത്രൻ ഒരു കന്യകയുടെ മകനായി ജനിച്ചു. ദൈവം നമ്മുടെ പ്രകൃതിയിൽ ആയി എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തിന് നമ്മെക്കുറിച്ചു അനുഗ്രഹിക്കപ്പെട്ട പദ്ധതികൾ ഉണ്ട് എന്നതാണ്. സകല മനുഷ്യരെയും നശിപ്പിച്ചുകളയണം എന്ന് ദൈവത്തിന് തോന്നിയാൽ അത് ആരോടും ആലോചിച്ചു തീരുമാനിക്കേണ്ട കാര്യമില്ല.

അതു മാത്രമല്ല ക്രിസ്തുവിലുള്ള ദൈവതേജസിന്റെ നിറവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു മഹാപുരോഹിതൻ എന്ന നിലയിൽ തന്നെത്തന്നെ പൂർണ്ണനാക്കുവാൻ താൻ ജീവിച്ചു എന്ന് കാണാം. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നമ്മോട് ഏകീഭവിക്കേണ്ടത് ആവശ്യമായിരുന്നില്ലേ? നമ്മുടെ ബലഹീനതകളെ അവൻ ചുമന്നു, നമ്മുടെ ദു:ഖങ്ങളെ അവൻ വഹിച്ചു, നമുക്ക് ഭാരമായിരുന്ന ക്രൂശിനെ അവൻ സഹിച്ചു. എല്ലാറ്റിലും നമുക്കു തുല്യനായി ഭവിച്ചു.

അവിടുന്ന് ചെയ്ത പ്രവൃത്തിയെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കാം. അങ്ങനെ അവിടുന്ന് കൃപയുടെ നിറവായിരുന്നു. താൻ സംസാരിച്ച അവിടുത്തെ വാക്കുകളിൽ കൃപയുടെ നിറവുണ്ടായിരുന്നു, സംസാരങ്ങളിൽ തന്റെ സ്നേഹം പ്രതിഫലിച്ചിരുന്നു. അവിടുന്ന് സഞ്ചരിക്കുമ്പോൾ, തന്റെ യാത്രകളിൽ ആളുകളെ തൊടുമ്പോൾ ആ തേജസ് പ്രതിഫലിച്ചിരുന്നു. ഒരിക്കൽ ഒരു മനുഷ്യന്റെ പാപങ്ങളെ ക്ഷമിച്ച് സംസാരിക്കുമ്പോൾ ഇങ്ങനെ പറഞ്ഞു. "നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു". (മർക്ക. 2:5, ലൂക്കൊ 7:48); അടുത്ത നിമിഷം അവിടുന്ന് പാപത്തിന്റെ ഫലമായുള്ള കാര്യങ്ങളോട് താൻ പോരാടി, രോഗികളെ സൗഖ്യമാക്കി മരിച്ചവരെ സൗഖ്യമാക്കി. വീണ്ടും ഇരുട്ടിന്റെ അധികാരിയോട് തിരിഞ്ഞ് പിശാച് ബാധിച്ച വ്യക്തിയെ അവനിൽ നിന്നും സ്വതന്ത്രമാക്കി. മഴമേഘങ്ങളെപ്പോലെ അവിടുന്ന് സഞ്ചരിച്ചു. ധാരാളം മഴപെയ്യിച്ചു. അഴുക്കുചാലുകളിൽ ധാരാളം വെള്ളം ഒഴുകി അതിനെ ശുദ്ധീകരിച്ചു. അവിടുന്ന് അതിരുകളില്ലാത്ത ദയയുള്ളവനായിരുന്നു. തന്റെ വസ്ത്രത്തിൽ പോലും കൃപയുടെ ശക്തിയുണ്ടായിരുന്നു, തന്റെ ശബ്ദത്തിലും നോട്ടത്തിലും ആ ശക്തിയുണ്ടായിരുന്നു. എവിടെയൊക്കെ താൻ സഞ്ചരിച്ചുവോ അവിടെയെല്ലാം ആളുകളുടെ മേൽ കൃപപകർന്നു. അപ്പോൾ തന്നെ അവിടുന്ന് നീതി നിറഞ്ഞവനായിരുന്നു, കൃപയുടെ നിറവ് ഇപ്പോഴും തന്നിലുണ്ട്.

തന്റെ മരണത്തിൽ എപ്പോഴാണ് ഇത് പകരപ്പെട്ടത്. തന്റെ പ്രാണനിൽ നിന്നും എപ്പോഴാണിത് പകരപ്പെട്ടത്, അപ്പോൾ തന്റെ കൃപയുടെ പൂർണ്ണത കാണപ്പെട്ടു. അവിടുന്ന് നിശ്ചയമായും ദൈവകൃപയുടെ നിറവാണ്. അത്രത്തോളം മനുഷ്യരുടെ രക്ഷയ്ക്കായ് തന്നെത്താൻ ഒഴിച്ചു. അവിടുന്ന് മനുഷ്യന്റെ രക്ഷകൻ മാത്രമല്ല, അവിടുന്ന് അവരുടെ രക്ഷയും ആണ്. അവിടുന്ന് തന്നെത്താൻ നമുക്കുവേണ്ടി ഏല്പിച്ചു തന്നു. കാൽവറി ക്രൂശിൽ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചപ്പോൾ നിശ്ചയമായും അവിടുന്ന് നമുക്ക് കൃപയുടെ നിറവാണ്. അവിടുന്ന് കാൽവറിക്രൂശിൽ നമുക്കുവേണ്ടി മരിച്ചു, അവിടുത്തെ സ്നേഹം അത്ര വലുതാണ്. ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായി നീതികെട്ടവർക്കുവേണ്ടി കഷ്ടം അനുഭവിച്ചു (1 പത്രൊ. 3:18).

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവൻ

സത്യത്തിന്റെ പൂർണ്ണത

അപ്പോൾ കുറിവാക്യത്തിൽ നിന്നും കൃപയുടെ നിറവ് മാത്രമല്ല സത്യവും നിറഞ്ഞവനായി എന്ന് വായിക്കുമ്പോൾ നമുക്കു മനസിലാവുന്നത് അവിടുന്ന് പറഞ്ഞതും, ചെയ്തതും, വാഗ്ദത്തം ചെയ്തതുമായ സത്യത്തിന്റെ നിറവ് അവനിൽ ഉണ്ട് എന്ന് തന്നെയാണ്. അവിടുന്ന് സകല വാഗ്ദത്തങ്ങളുടെയും നിവർത്തിയാണ് എന്നതിനാൽ സകലവും അവിടുത്തെ ഇഷ്ടപ്രകാരമാണ് മുന്നോട്ടു പോകുന്നത് എന്നത് വ്യക്തമാണ്. മശിഹായുടെ വരവിനെ സംബന്ധിച്ചു തന്റെ പ്രവാചകന്മാരാൽ ദൈവം വൻകാര്യങ്ങൾ വാഗ്ദത്തം ചെയ്തു. എന്നാൽ അവയെല്ലാം തനിക്ക് പ്രിയനായവനിലേക്കാണ് കേന്ദ്രീകരിച്ചിരിക്കുന്നത് ”. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ. അതുകൊണ്ട് ഞങ്ങലാൽ ദൈവത്തിന് മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നും തന്നെ(1കൊരി. 1:20). യഥാർത്ഥമായി അ വിടുന്ന് സർപ്പത്തിന്റെ തലയെ തകർത്തു. യഥാർത്ഥമായി നമ്മുടെ ഭാരങ്ങളെ അവൻ ചുമന്നു, നമ്മുടെ വേദനകളെ അവൻ വഹിച്ചു. യഥാർത്ഥമായി അവിടുന്ന് ബദ്ധന്മാർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. യഥാർത്ഥമായി താൻ മോശയെപ്പോലുള്ള പ്രവാചകനാണെന്നു തന്നെത്താൻ തെളിയിച്ചു. എന്റെ രണ്ടാമത്തെ കുറി വാക്യമായ 17-ാം വാക്യത്തിൽ ഞാൻ മനസ്സിലാക്കിയിരിക്കുന്നത്, യേശു സകല ഉപമകളുടെയും പൊരുളാണ്. മോശെ മുഖാന്തരം നൽകപ്പെട്ട ന്യായപ്രമാണം എല്ലാം നിഴലായും ഉപമയായും നൽകപ്പെട്ടിരിക്കുന്നു; എന്നാൽ യേശു സത്യമാണ്. ഹാബേലിന്റെ രക്തത്താൽ ഗുണകരമായി സംസാരിക്കുന്ന രക്തമാണ് തന്റേത്. അവിടുന്ന് ദൈവവചനത്തിൽ അരുളിചെയ്യപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടാണ്. അവിടുന്ന് ഹോമയാഗമാണ് പാപയാഗമാണ്, സമാധാനയാഗമാണ്. എല്ലാം ഒരുവനിൽ! അവിടുന്ന് സത്യവെളിച്ചമാണ്. എല്ലാ സാദൃശ്യങ്ങളും ഉപമകളും അവനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. എപ്പോഴെല്ലാം പഴയനിയമത്തിൽ സാദൃശ്യങ്ങളും നിഴലുകളും നിങ്ങൾ കാണുന്നുവോ അവയെല്ലാം യഥാർത്ഥ സത്യമായ കർത്താവായ യേശു വിങ്കലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. വാഗ്ദത്തങ്ങളുടെ പൂർത്തീകരണം ക്രിസ്തുവിലാണ്. പ്രവചനം മോശയിൽ നിവർത്തിയേശുവിൽ ന്യായപ്രമാണത്തിൽ നിഴലുകളായി പ്രസ്താവിക്കുന്നു. സത്യം ജഡമായിത്തീർന്ന വചനത്തിലാണ്.

യഥാർത്ഥരക്ഷ

അതിലുപരിയായി, കർത്താവായ യേശുക്രിസ്തു കൃപയും സത്യവുമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു, അവിടുന്ന് യഥാർത്ഥമായി, നമ്മുടെ രക്ഷയായിത്തീർന്നിരിക്കുന്നു. മനുഷ്യന്റെ അവസ്ഥയെ കർത്താവ് മറച്ചു വയ്ക്കുന്നില്ല, മനുഷ്യൻ ന്യായവിധിയിൽ കീഴിലാണ് എന്ന് താൻ കണ്ടു, കുറ്റം വിധിക്കപ്പെട്ട ഏറ്റവും മോശമായ അവസ്ഥയിൽ നിന്നും അവനെ ഉയർത്തി. അവന് പകരമായിത്തീർന്നിട്ട് അവന്റെ ശിക്ഷ മുഴുവനും താൻ ഏറ്റെടുത്തു, പാപിയായ മനുഷ്യനുപകരമായി മരിച്ചു. കർത്താവായ യേശു അവനെ നഷ്ടപ്പെട്ടവനായി കണ്ടു, അതെ, അവൻ അതിക്രമങ്ങളാൽ മരിച്ചു പോയിരുന്നു, തന്റെ പുനരുദ്ധാനത്തിന്റെ ശക്തിയാൽ അവനെ ഉയിർത്തെഴുന്നേല്പിച്ചു. മനുഷ്യന്റെ വീഴ്ചയിൽ കർത്താവ് മിണ്ടാതെയിരുന്നില്ല, പാപത്തിൽ മരിച്ചവന്റെ അടുക്കലേയ്ക്ക് വന്ന് അവന് ജീവൻ കൊടുത്തു. അവന്റെ അവിശ്വാസമുള്ള ദുഷ്ട ഹൃദയത്തെ അവിടുന്ന് സൗഖ്യമാക്കി.

സുവിശേഷം എനിക്ക്, ദൈവത്തിന്റെ സർവ്വശക്തിയിലൂടെയും ജ്ഞാനത്തിന്റെയും സത്യത്തിന്റെയും മൂർത്തീഭാവമാണ് സുവിശേഷം മനുഷ്യനോട് പറഞ്ഞാൽ ദൈവത്തിന്റെ ന്യായപ്രമാണം നിശ്ചയമായും നീതിയുള്ളതാണ്. എന്നാൽ അത് വളരെ ശക്തിയുള്ളതാണ്. വളരെ നിശ്ചയമുള്ളതാണ്. ദൈവം മനുഷ്യന്റെ പാപത്തെ ക്ഷമിച്ച് അതിന്റെ കുറ്റത്തിൽ നിന്നും വിമുക്തനാക്കുന്നു. എന്തുകൊണ്ട് പ്രിയ സഹോദരാ നാം എപ്പോഴും അപകടാവസ്ഥയിലാണ്. നമ്മെ രക്ഷിക്കുന്ന കാര്യത്തിൽ നമ്മുടെ ദൈവം അനീതി കാണിച്ചെങ്കിൽ, അവിടുന്ന് സാഹചര്യത്തിനനുസരിച്ച് മാറുന്ന വ്യക്തിയായിരുന്നെങ്കിൽ നാം ഉപേക്ഷിക്കപ്പെട്ടുപോകുമായിരുന്നു. നിത്യശിക്ഷാവിധിക്ക് നാം പാത്രീഭൂതരാകുമായിരുന്നു. എന്നാൽ നമ്മുടെ അടിസ്ഥാനം നിശ്ചയമുള്ളതായിരുന്നു. നമ്മുടെ പാപത്തെയും അതിന്റെ പരിണതഫലങ്ങളെയും അവിടുന്ന് ചുമന്നൊഴിച്ചു അവിടുത്തെ രക്ഷ പൂർണ്ണമായും യാഥാർത്ഥ്യമാക്കി. ഇത് കൃപയും സത്യവുമുള്ള മഹത്വകരമായ രക്ഷയാണ്. അതിൽ ദൈവം പാപിയെ താൻ ഇരിക്കും പോലെ ആക്കിത്തീർക്കുന്നു. ഇന്നും അങ്ങനെ മനുഷ്യനെ രക്ഷിക്കുന്നു.

എന്നാൽ ഇതിന്റെ അർത്ഥം അതിലും വലുതാണ്. കർത്താവ് നമ്മോട് ഇടപെടുന്നത് കൃപയുടെ മാർഗ്ഗത്തിലാണ്. ആ കൃപ നമ്മെ വലിയ പ്രത്യാശയിലേക്ക് നടത്തുന്നു. ആ പ്രത്യാശമുഴുവനും യാഥാർത്ഥ്യമായിത്തീരുന്നു, അവിടുന്ന് സത്യത്തിൽ നമ്മോട് ഇടപെടുന്നു. നമ്മുടെ ജീവിതം വലിയ കാര്യങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ കൃപ അതെല്ലാം യാഥാർത്ഥ്യമാക്കിത്തീർക്കുന്നു. പഴയനിയമം ഒരുവനം പൂർണ്ണമായി രക്ഷിക്കുന്നില്ല, അവന്റെ മനസാക്ഷിയെ ശുദ്ധീകരിക്കുന്നില്ല, എന്നാൽ ദൈവത്തിന്റെ കൃപ മനുഷ്യന്റെ മനസാക്ഷിയെ പൂർണ്ണതയുള്ളതാക്കിത്തീർക്കുന്നു.

കാൽവറി ക്രൂശിൽ തന്റെ ശരീരത്തിൽ എന്റെ പാപങ്ങളെ വഹിച്ച കർത്താവിൽ ഞാൻ വിശ്വസിക്കുന്നു, ആ പ്രായശ്ചിത്ത മരണം എനിക്ക് വിടുതലായിത്തീർന്നു എന്ന് ഞാൻ മനസിലാക്കുന്നു. അവിടുത്തെ നാമത്തിൽ ആശ്രയിക്കാതിരിക്കുന്നതിന് കാരണമായി പറയുവാൻ ഒന്നും ഞാൻ കാണുന്നില്ല. മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കുന്നതിനു എതിരായി പറയുവാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. എന്റെ മസാക്ഷി സംതൃപ്തമാണ്, വളെയധികം സംതൃപ്തമാണ്. പാപപരിഹാരം പാപത്തെക്കാൾ വലുതാണ്. പ്രിയസഹോദരന്മാരേ യേശുക്രിസ്തുവിലൂടെയുള്ള രക്ഷയിൽ എതിരില്ലാത്ത കൃപയുടെ സത്യമുണ്ട്. അവിടെ ആഴമായ വ്യത്യാസമുണ്ട്, ഒരു അന്തസത്തയുണ്ട്, ആന്തരികമായ ഒരു സംതൃപ്തി ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിലുണ്ട്. പാപത്തിന് സമ്പൂർണ്ണ പരിഹാരം ഉണ്ടായിരിക്കുന്നു എന്ന ബോധം നമ്മിലുണ്ടാക്കുന്നു “ കൃപയുടെയും സത്യത്തിന്റെയും ” ഒരു ഉറവ.

(ശേഷം 7-ാംപേജിൽ)

(6-ാംപേജിന്റെ തുടർച്ച)

യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവൻ

കൃപയും സത്യവും നമ്മിൽ

എല്ലാ അർത്ഥത്തിലും ഞാൻ എന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു. ക്രിസ്തു നമ്മിലേയ്ക്ക് കൃപയും സത്യവും കൊണ്ടുവന്നു, കൃപയും സത്യവുമായി അവിടുന്ന് വിശ്വാസികളിൽ പ്രവർത്തിക്കുന്നു. പാപത്തിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ ദൈവത്തിന്റെ കൃപ നമുക്കാവശ്യമാണ്. അവിടുന്ന് അത് നമുക്കു തന്നു. പ്രായശ്ചിത്ത മരണത്താലുള്ള രക്ഷ സത്യത്തിൽ ജീവിക്കുന്ന മനുഷ്യരെ മുന്നമേ കണ്ടു. കർത്താവിന്റെ കഷ്ടാനുഭവങ്ങളിലൂടെയുള്ള രക്ഷയുടെ പ്രതീക്ഷ, നീതിയുടെ ആത്മാവിനെ പോഷിപ്പിക്കുന്നു. പാപത്തോടുള്ള ഒരു വെറുപ്പ് നമ്മിൽ ജനിപ്പിക്കുന്നു. നല്ലതിനെയും സത്യത്തെയും സ്നേഹിപ്പാൻ നമ്മെ സഹായിക്കുന്നു. ക്രിസ്തു നമ്മിലേയ്ക്ക് വരുമ്പോൾ, അകൃത്യങ്ങൾക്ക് നമ്മിൽ വാഴുവാൻ സാദ്ധ്യമല്ല, വഞ്ചനയ്ക്കും അനീതിയിക്കും ദുഷ്ടതയ്ക്കും നമ്മിൽ ആധിപത്യം സ്ഥാപിപ്പാൻ കഴിയുകയില്ല. പ്രിയ സ്നേഹിതാ ദൈവം ക്രിസ്തുവിലൂടെ നമ്മിൽ വസിച്ച് ഒരുക്കിയ രക്ഷ നമ്മിൽ വരുത്തിയ പാപപരിഹാരത്തിൽ സത്യവും വർദ്ധിക്കുമാറാക്കുന്നു. ആ പ്രവൃത്തി പരിശുദ്ധാത്മാവ് നമ്മിൽ ചെയ്തുകൊണ്ടിരിക്കുന്നു. ഞാനും നിങ്ങളും ദൈവത്തെയും മനുഷ്യനെയും ഒരുപോലെ സ്നേഹിപ്പാൻ കഴിയുന്ന ദൈവകൃപയും ജീവിതത്തിലെപ്പോഴും വച്ചുപുലർത്തേണ്ടതായ സത്യസന്ധതയും ഉള്ളവരായിരിപ്പാൻ പ്രാർത്ഥിക്കുന്നു. ❖

(4-ാംപേജിന്റെ തുടർച്ച)

എല്ലാ പാപവും ദൈവത്തിന് എതിരാണ്.

മറ്റൊന്നിനെയും ഞാൻ ആരാധിച്ചിട്ടില്ല എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഒരിക്കൽ പോലും ഞാൻ അങ്ങനെ ചെയ്തിട്ടില്ല എന്ന് പറയാൻ കഴിയുമോ? എന്റെ കുട്ടിക്കാലം മുതൽ ഈ ദൈവത്തെ മാത്രമേ ആരാധിച്ചിട്ടുള്ളൂ ഇടത്തോട്ടോ വലത്തോട്ടോ താൻ തിരിഞ്ഞിട്ടില്ല എന്ന് പറയാൻ കഴിയുമോ?

ദൈവത്തിന്റെ ന്യായപ്രമാണത്തെ ചുരുക്കി യേശു ഇങ്ങനെ പറഞ്ഞു. “ നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം ഇതാകുന്നു വലിയതും ഒന്നാമത്തേതുമാകുന്ന കല്പന. രണ്ടാമത്തേത് അതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം ” (മത്താ. 22: 37-39). ദൈവത്തെ നിങ്ങൾ ഇതുപോലെ സ്നേഹിക്കുന്നുവോ? എപ്പോഴെങ്കിലും ദൈവത്തെ നിങ്ങൾ ഇങ്ങനെ സ്നേഹിച്ചിട്ടുണ്ടോ? ഇപ്പോഴത്തെ അവസ്ഥയിൽ നിങ്ങളെക്കാളുപരി, നിങ്ങളുടെ സ്വന്ത ആഗ്രഹങ്ങളെക്കാളുപരി, നിങ്ങൾക്കുള്ള ഏതിനെക്കാളും ഉപരി ദൈവത്തെ സ്നേഹിക്കുവാൻ നിങ്ങൾക്കു കഴിയുമോ? നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുവാൻ നിങ്ങൾക്കു കഴിയുമോ? മറ്റുള്ളവരുടെ ക്ഷേമത്തെ നിങ്ങളുടെ ക്ഷേമത്തെക്കാളുപരികാണുവാൻ നിങ്ങൾക്കു കഴിയുമോ? യേശു പറഞ്ഞു ഈ രണ്ടു കാര്യങ്ങളെ ഉൾക്കൊള്ളുവാൻ നിങ്ങൾ ക്ക് കഴിയുന്നില്ലെങ്കിൽ ഒരു പ്രത്യേകമായ നിമിഷത്തിൽ നിങ്ങളുടെ പാപങ്ങൾ ഗൗരവതരമായതെന്ന് ചിന്തിപ്പാൻ കഴിയുന്നില്ലേ?

നിങ്ങളുടെ പാപങ്ങളുടെ ആഴങ്ങളെ സംബന്ധിച്ച് അതിന്റെ ഗൗരവത്തെ സംബന്ധിച്ചു നിങ്ങൾ ബോധവാന്മാരല്ലെങ്കിൽ നിത്യതയെ സംബന്ധിച്ച് എന്ത് പ്രത്യാശയാണ് നിങ്ങൾക്കുള്ളത്. നിങ്ങളുടെ ജീവിതത്തിന്റെ ഏതു സമയവും ദൈവത്തെ സ്നേഹിക്കുന്നതിൽ നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു എങ്കിൽ മരണകാരണമായി പാപമല്ല നിങ്ങൾ ചെയ്തിരിക്കുന്നത് ദൈവം എപ്പോഴും നിങ്ങൾക്ക് നല്ലവനാണ്. വർഷങ്ങൾതോറും ദിവസങ്ങൾ തോറും എപ്പോഴും ദൈവം നമുക്ക് എപ്പോഴും കരുണയോടെ ജീവനും ശ്വാസവും നൽകുന്നു. അനുഗ്രഹങ്ങൾക്കു മീതെ അനുഗ്രഹങ്ങൾ നന്മകൽക്കു മീതെ നന്മകൾ നമ്മുടെ മേൽ പകർന്നു കൊണ്ടിരിക്കുന്നു. ആരാധനയിലൂടെയും നന്ദിയർപ്പണത്തിലൂടെയും ദൈവത്തോടുള്ള സ്നേഹം പ്രദർശിപ്പിക്കാൻ നിങ്ങൾ ക്ക് കഴിയുന്നുണ്ടോ? നിങ്ങളുടെ അനുതാപമുള്ള ഹൃദയങ്ങളിൽ നിന്നുള്ള നന്ദിയർപ്പണമാണോ, അതോ അഹങ്കാരമുള്ള ഹൃദയത്തിൽ നിന്നുള്ള നന്ദിയില്ലാത്ത ജീവിതമാണോ കാഴ്ചവയ്ക്കുന്നത്?

ക്രിസ്തുവിന്റെ മരണത്തിനുത്തരവാദികൾ

വിശ്വസിക്കാത്ത ഓരോ പാപിയും ക്രിസ്തുവിന്റെ മരണത്തിനുത്തരവാദികൾ ആണ്. ക്രിസ്തു ക്രൂശിൽ തൂങ്ങപ്പെട്ടിരിക്കുന്നു. എന്നത് നിങ്ങലുടെ വ്യക്തിപരമായ പാപമാണ്. തന്റെ വിലയേറിയ രക്തം നിങ്ങളുടെ പാപം നിമിത്തമാണ് ചൊരിയപ്പെട്ടത്. ക്രൂശിലെ സകല ദാരുണമായ വേദനയ്ക്കും കാരണം നിങ്ങളുടെ പാപമാണ്.

(ശേഷം അടുത്തലക്കം)

(3-ാംപേജിന്റെ തുടർച്ച)

സകലവും ശോധന ചെയ് ിൻ

ള്ളണം, അംഗീകരിക്കണം, അനുസരിക്കണം. ദൈവവചനത്തിന്റെ അഗ്നിയാലുള്ള ശോധനയിൽ നശിച്ചുപോകുന്നവയെ, ത്യജിക്കണം, ഉപേക്ഷിക്കണം, അതിന് വിലകൊടുക്കരുത്, അതിനെ എറിഞ്ഞുകളയണം.

ഒരു പുതിയ നിയമ തത്വം

ഈ തത്വം നമ്മുടെ കർത്താവിന്റെ പർവ്വത പ്രസംഗത്തിൽ അവിടുന്ന് തിരുവാഴ്മൊഴിഞ്ഞതാണ്, “ കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ, അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം ” മത്താ. 7:15,16). എങ്ങനെ ഈ കള്ളപ്രവാചകന്മാരെ തിരിച്ചറിയാം. സ്വയമായി തങ്ങളെത്തന്നെ ശോധന ചെയ്യാത്ത ഇവരുടെ ഫലങ്ങൾ എന്താണ്?

അപ്പോസ്തലപ്രവർത്തികളിൽ ബരോവയിലെ വിശ്വാസികളിൽ ഈ അനുഭവങ്ങളെ കാണാം. അപ്പോസ്തലനായ പൗലൊസിന്റെ വാക്കുകളെ അവർ കേട്ടു പാടേ വിശ്വസിച്ചില്ല. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അത് അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു. അവരിൽ പലരും മാന്യരായ യവനസ്ത്രീകളിലും പുരുഷന്മാരിലും അനേകരും വിശ്വസിച്ചു (അ.പ്ര. 17:11,12). എന്താണിത്, എന്താണ് ശോധന ചെയ്ക എന്നതിന്റെ അർത്ഥം?

അത് ഒരു വിവേചനാത്മാവാണ്. 1കൊരി. 10:15-ൽ നിങ്ങൾ വിവേകികൾ എന്ന് വച്ച് ഞാൻ പറയുന്നു; ഞാൻ പറയുന്നത് വിവേചിപ്പിൻ; കൊലൊ. 2:8-ൽ തത്വജ്ഞാനവും വെറും വഞ്ചനയും

(ശേഷം 8-ാംപേജിൽ)

(7-ാം പേജിന്റെ തുടർച്ച)

സകലവും ശോധന ചെയ് വിൻ

കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ. 1യോഹ. 4:1-ൽ പ്രിയമുള്ളവരേ” കള്ളപ്രവാചകന്മാർ പലരും ലോകത്തിലേയ്ക്ക് പുറപ്പെടാതിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്വിൻ. (2 യോഹ. 10-ൽ “ഒരുത്തൻ ഈ ഉപദേശവുംകൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്, അവനോട് കുശലം പറയുകയും അരുത്”.

ഉത്തരവാദിത്വവും ആവശ്യവും സത്യത്തൽന്മേൽ ഉറപ്പായി സൂക്ഷിക്കപ്പെടുന്നു

ഈ വിഷയത്തോടുള്ള ബന്ധത്തിൽ അപ്പോസ്തലന്മാരുടെ വാക്കുകൾ അർത്ഥവത്തും ശക്തിമത്തും ആണ്, ഇവിടെ പറയുന്നത്, നല്ലത് പിടിച്ചുകൊൾക എന്നാണ്. അപ്പോസ്തലൻ നമ്മോടു പറയുന്നത്, ഒരു സത്യം നിങ്ങൾ കണ്ടെത്തിയാൽ, അത് ക്രിസ്തുവിന്റെ സത്യമാണ് എന്ന് ബോദ്ധ്യമായാൽ അത് ദൈവവചനസത്യമാണ് എന്ന് തിരിച്ചറിഞ്ഞാൽ അതിനെ ഉറപ്പായി പിടിച്ചുകൊള്ളേണ്ടതാണ് അതിനെ ഗ്രഹിക്കണം, ഹൃദയത്തിൽ സംഗ്രഹിക്കണം, പിന്നെ ഒരിക്കലും അതിനെ വിട്ടുകളയരുത്.

ഉപദേശം എപ്പോഴും ആവശ്യമാണ്. ലോകവും അതിന്റെ രീതികളും നിലനിൽക്കുന്നിടത്തോളം ആവശ്യമാണ്. മനുഷ്യജീവിതത്തെ കേടുവരുത്തുവാനുള്ള ഒരു പ്രേരണ ലോകത്തിൽ സാധാരണയാണ്. ലോകത്തിൽ ക്രിസ്തുവിന്റെ ഏറ്റവും നല്ല സഭയും ആ പിടിയിൽ നിന്നും മുക്തമല്ല. ഇത് തെറ്റിപ്പോകാൻ സാദ്ധ്യതയുള്ള മനുഷ്യജീവിതത്തിൽ സാധാരണയാണ്. നശിപ്പിക്കുന്ന കേടുവരുത്തുന്ന ഒരു സ്വഭാവം മനുഷ്യനിൽ സാധാരണയാണ്. പുളിപ്പിക്കുന്ന ദുഷ്ടത മിക്ക സഭകളിലും നുഴഞ്ഞുകയറിയിരിക്കുന്നു, അപ്പോസ്തലന്മാരുടെ കാലത്തും അതുണ്ടായിരുന്നു. കൊരിന്ത്യസഭയിൽ അതുണ്ടായിരുന്നു. എഫേസ്യ സഭയിൽ ആ ദുഷ്ടതയുണ്ടായിരുന്നു. ഗലാത്യസഭയിലുണ്ടായിരുന്നു. അവയെല്ലാം നമുക്ക് മുന്നറിയിപ്പുകളായിരുന്നു. ഇവയെല്ലാം സഭകളിൽ അപ്പോസ്തലന്റെ വാക്കുകളെ ഓർക്കുവാനുള്ള പ്രേരണകളാണ്. നല്ലത് മുറുകെപിടിച്ചുകൊൾക.

ഈ തത്വം ഓർമ്മിക്കുന്ന കാര്യത്തിൽ അനേക സഭകൽ പരാജയപ്പെട്ടിരിക്കുന്നു. അവരുടെ ശുശ്രൂഷകന്മാരും വിശ്വാസികളും, സാത്താൻ എപ്പോഴും ദുരുപദേശം കുത്തി നിറയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നു വിശ്വസിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നു. സാത്താന് വെളിച്ചത്തിന്റെ ദൂതന്റെ വേഷം കെട്ടുവാൻ കഴിയും എന്ന് വിശ്വസിക്കുന്ന കാര്യത്തിൽ സഭ പരാജയപ്പെട്ടിരിക്കുന്നു. സത്യം അസത്യമായി മാറുന്നു. അസത്യം സത്യമായി മാറുന്നു. അവന് വിശ്വാസത്തെ നഷ്ടമാക്കുവാൻ കഴിയില്ല എന്ന് അറിയാമെങ്കിലും അവൻ തുടർച്ചയായി പോരാടികൊണ്ടിരിക്കുന്നു. ദൈവത്തിലുള്ള ആശ്രയത്തെ അവന് തടുയുവാൻ സാദ്ധ്യമല്ലെങ്കിലും നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ കാര്യങ്ങളിൽ ഒരു സഭയും സുരക്ഷിതമല്ല, ഈ കാര്യങ്ങളെ അവർ മറന്നു കളയുന്നു.

നാം നല്ലതിനെ മുറുകെപിടിച്ചിരുന്നു എങ്കിൽ ഒരിക്കലും ആകാത്ത ഉപദേശങ്ങളുടെ പിന്നാലെ പോകയില്ല. ആരെങ്കിലും തന്റെ ശരീരത്തൽ ഓരോ ദിവസവും കുറേശ്ശ വിഷം കയറ്റി വിടണം എന്ന് ചിന്തിക്കാറു ണ്ടോ? ആളുകൾ നിങ്ങളുടെ അടുക്കൽ ദൈവവചന പറയാൻ വരുമ്പോൾ, അവർ യേശുവിന പ്രസംഗിക്കുന്നില്ലെങ്കിൽ പാപത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും പ്രസംഗിക്കുന്നില്ലെങ്കിൽ, വരാൻ പോകുന്ന നാശത്തെക്കുറിച്ചും പ്രസംഗിക്കുന്നില്ലെങ്കിൽ, തിരുവചനപ്രകതാരം പുതുജനനത്തെക്കുറിച്ചോ സംസാരിക്കുന്നില്ലെങ്കിൽ, തിരുവചനപ്രകാരം അവർ പ്രസംഗിക്കുന്നില്ലെങ്കിൽ ആ പ്രസംഗമോ, ഉപദേശമോ നാം ശ്രദ്ധിക്കരുത്. പരിശുദ്ധാത്മാവു പറയുന്ന ദൈവവചനത്തിന്റെ ആലോചനയ്ക്ക് ചെവികൊടുക്കണം, “മകനേ, പരിജ്ഞാനത്തിന്റെ വചനങ്ങളെ വിട്ടുമാറേണ്ടതിനുള്ള ഉപദേശം കേൾക്കുന്നത് മതിയാക്കുക ” (സദൃ. 19:27)

വചനത്തിലുള്ള പരിജ്ഞാനം ഉറപ്പാക്കുക

രണ്ട് കാര്യങ്ങളെ ഞാൻ നിങ്ങളുടെ മുന്നിൽ വയ്ക്കുന്നു. ഒന്നാമത്തേത്, നന്മ, ഉത്തരവാദിത്വം, സ്വയശോധനയുടെ ആവശ്യം രണ്ടാമത്തേത് സത്യത്തെ മുറുകെപിടിക്കേണ്ടതിന്റെ ആവശ്യം. നിങ്ങളുടെ സ്വന്തം മനസാക്ഷിയിൽ കരുതിക്കൊള്ളുവാനായി ഉപസംഹാരമായി ചില വാക്കുകൾ ഞാൻ പറയുന്നു.

“ സകലവും ശോധന ചെയ്യുന്നത് നിങ്ങളുടെ പതിവാണെങ്കിൽ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ എഴുതപ്പെട്ട തിരുവചനത്തെ ആഴമായി വിശ്വസിക്കണം. നിങ്ങൾ വേദപുസ്തകം തുടർച്ചയായി വായിക്കണം. വേദപുസ്തകം നിങ്ങൾ ഹൃദിസ്ഥമാക്കണം. നിങ്ങളുടെ കൊണ്ടുവരുന്ന ഏതു ചിന്തയെയും വേദപുസ്തകത്താൽ ശോധന ചെയ്യണം. വേദപുസ്തകത്തിലെ അല്പജ്ഞാനം പര്യാപ്തമല്ല. അതിൽ ആശ്രയിക്കണം. ഒരുവൻ വേദപുസ്തകം നന്നായി അറിയണം. അതിലെ പഠിപ്പിക്കലുകൾ തെളിയിച്ചു സംസാരിക്കാൻ അറിഞ്ഞിരിക്കണം. അങ്ങനെ അറിയണമെങ്കിൽ അതു തുടർച്ചയായി വായിച്ചിരിക്കണം. വേദപുസ്തകം അറിയുവാൻ വേറൊരു ജനവിധകളൊന്നുമില്ല. വായന, എല്ലാ ദിവസവും തുടർച്ചയായ വായന, അല്ലാതെ വേദപുസ്തകം പഠിക്കുവാൻ കുറുക്കുവഴികളൊന്നുമില്ല. ഒരു ദൈവഭക്തൻ ഇങ്ങനെ പറഞ്ഞു. നീതീകരണം വിശ്വാസത്താലായിരിക്കാം. എന്നാൽ വേദപുസ്തകത്തിലെ അറിവ് പ്രവൃത്തിയാലാണ്. പിശാചിന് വചനം ഉദ്ധരിക്കുവാൻ കഴിയും. കർത്താവിനെ പരീക്ഷിച്ചു സംസാരിക്കുമ്പോൾ അവൻ വചനം ഉദ്ധരിച്ച് സംസാരിച്ചു. ഒരു മനുഷ്യൻ തെറ്റായ വചനങ്ങളെ കേൾക്കുമ്പോൾ, ഇങ്ങനെ എഴുതിയിരിക്കുന്നു എന്ന് പറയുവാൻ തക്കവണ്ണം അറിവുള്ളവനായിരിക്കണം. അങ്ങനെയുള്ളവർ വഞ്ചിക്കപ്പെട്ടുപോകയില്ല. വേദപുസ്തകത്തിലെ അറിവില്ലാതെ എതിരെ വരുന്ന ചോദ്യങ്ങൾക്ക് ശരിയായ മറുപടി കൊടുത്ത് ചെറുത്തു നില്ക്കുവാൻ സാദ്ധ്യമല്ല. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975